# KITE MALAPPURAM

## Voting Machine for Schools സോഫ്റ്റ്‌വെയർ ഉപയോഗിച്ച്
## സ്കൂൾ പാർലമെന്റ് തെരെഞ്ഞെടുപ്പ് നടത്തുന്ന വിധം

സാധാരണതെരെഞ്ഞെടുപ്പുകളിൽ EVM ഉപയോഗിച്ച് വോട്ടിംഗ് നടക്കുന്നതുപോലെ , ലാപ്ടോപ്പ് കൺട്രോൾ യൂണിറ്റായും ആൻഡ്രോയ്ഡ് ഫോൺ ബാലറ്റ് യൂണിറ്റായും ക്രമീകരിച്ച് സ്കൂൾ പാർലമെന്റ് തെരെഞ്ഞെടുപ്പ് നടത്തുന്നതിനുള്ള സംവിധാനമാണിത്. ഇതിന്റെ പ്രവർത്തനം ചുവടെ കൊടുക്കുന്നു.

1. **വോട്ടിങ് മെഷീൻ സോഫ്റ്റ്‌വെയർ ലാപ്ടോപ്പിൽ ഇൻസ്റ്റാൾ ചെയ്യുക.**

   ഇതിനായി voting-machine-installer(1).zip എന്ന ഫയൽ എക്സ്ട്രാക്ട് ചെയ്യുക. അതിനുള്ളിലെ install.sh ഡബിൾ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന ജാലകത്തിലെ Run in Terminal ക്ലിക്ക് ചെയ്യുക. കമ്പ്യൂട്ടറിന്റെ പാസ്‌വേഡ് നൽകി Enter അമർത്തുമ്പോൾ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യപ്പെടുന്നു.

2. **ആൻഡ്രോയ്ഡ് മൊബൈൽ ഫോണിൽ Voting.apk എന്ന ആപ് ഇൻസ്റ്റാൾ ചെയ്യുക**

   മൊബൈൽ ഫോണിലേക്ക് Voting.apk എന്ന ഫയൽ ഡൗൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്യുക. അതിനുശേഷം മൊബൈൽ ഫോണിന്റെ ഹോട്ട്സ്പോട്ട് ഓൺ ചെയ്ത് , ലാപ്ടോപ്പിനെ അതിലേക്ക് കണക്ട് ചെയ്യുക. ഇപ്പോൾ തെരെഞ്ഞെടുപ്പിനുള്ള സോഫ്റ്റ്‌വെയർ സജ്ജമായിക്കഴിഞ്ഞു.

3. **സ്ഥാനാർത്ഥികളെ ഉൾപ്പെടുത്തുന്ന വിധം**

   Applications-> Accessories-> Voting machine എന്ന ക്രമത്തിൽ ക്ലിക്ക് ചെയ്യുക. കമ്പ്യൂട്ടറിന്റെ പാസ്‌വേഡ് നൽകി Authenticate അമർത്തുക. ഇപ്പോൾ Voting machine സോഫ്റ്റ്‌വെയർ തുറന്നുവരുന്നു.



- ഇതിലെ ആദ്യം കാണുന്ന ഭാഗത്ത് വോട്ടിംഗ് നടത്താനുദ്ദേശിക്കുന്ന ക്ലാസ്സും ഡിവിഷനും ടൈപ്പ് ചെയ്ത് Add എന്ന ബട്ടൺ അമർത്തുക.

**പ്രത്യേക ശ്രദ്ധയ്ക്ക് :**
**ക്ലാസ്സും ഡിവിഷനും ചേർക്കുമ്പോൾ 8-A എന്ന രീതിയിൽ തന്നെയായിരിക്കണം. ക്ലാസ്സിനും ഡിവിഷനുമിടയിൽ സ്പേസ് നൽകാൻ പാടില്ല. Hyphen -ഓ Underscore -ഓ നൽകാം.**

- ഇതേ ലാപ്ടോപ്പ് ഉപയോഗിച്ച് തെരെഞ്ഞെടുപ്പ് നടത്താനുദ്ദേശിക്കുന്ന എല്ലാ ക്ലാസ്സുകളും ഇങ്ങനെ ചേർക്കാം.
- രണ്ടാമതായി ഓരോ ക്ലാസ്സും സെലക്ട് ചെയ്ത ശേഷം ആ ക്ലാസിലേക്കുള്ള സ്ഥാനാർഥികളെ ചേർക്കണം. അവസാനസ്ഥാനാർത്ഥിയായി NOTTA കൂടി ചേർക്കാവുന്നതാണ്.
- ഒരു ക്ലാസ്സിലേക്കും വെവ്വേറെ ലാപ്ടോപ്പുകളാണുപയോഗിക്കുന്നതെങ്കിൽ ഒരു ക്ലാസും അതിലേക്കുള്ള സ്ഥാനാർഥികളെയും മാത്രം ചേർത്താൽ മതിയാകും. പുതിയ ക്ലാസുകൾ ആഡ് ചെയ്യാനും നിലവിലുള്ള ക്ലാസ് ഡിലീറ്റ് ചെയ്യാനുമുള്ള ഓപ്ഷൻ ഉണ്ട്. അതുപോലെ തന്നെ പുതിയ സ്ഥാനാർഥികളെ ആഡ് ചെയ്യുന്നതിനും നിലവിലുള്ള സ്ഥാനാർത്ഥികളെ ഡിലീറ്റ് ചെയ്യുന്നതിനും കഴിയും.

4. **സ്ഥാനാർഥികളുടെ ഫോട്ടോയോ ചിഹ്നമോ ബാലറ്റിൽ ഉൾപ്പെടുത്തുന്നതിന്**

   - സ്ഥാനാർഥികളുടെ ഫോട്ടോകൾ ഒരു ഫോൾഡറിൽ സേവ് ചെയ്യുക. 10-A ക്ലാസിലെ ഒന്നാമത്തെ സ്ഥാനാർത്ഥി ആണെങ്കിൽ ഫയൽ നെയിം കൊടുക്കേണ്ടത് 10-A1.png എന്നാണ്
   - ഈ ഫോട്ടോകൾ വോട്ടിംഗ് മെഷീനിലേക്ക് ഉൾപ്പെടുത്തുന്നതിനായി Start Poll എന്ന ബട്ടണിന് ഇടതു വശത്തായി കാണുന്ന Image folder-ൽ ക്ലിക്ക് ചെയ്ത് ഫോട്ടോ സൂക്ഷിച്ചിരിക്കുന്ന ഫോൾഡർ സെലക്ട് ചെയ്യണം. ഇതോടെ ഫോട്ടോകൾ ഓരോ സ്ഥാനാർഥികളുടെയും പേരിന് നേരെ ബാലറ്റ് യൂണിറ്റിൽ ഡിസ്പ്ലേ ആകുന്നതാണ്

**പ്രത്യേക ശ്രദ്ധയ്ക്ക് :**
**സ്ഥാനാർത്ഥികളുടെ ചിഹ്നങ്ങളും ഇങ്ങനെ ചേർക്കാവുന്നതാണ്. എന്നാൽ ഫോട്ടോയോ ചിഹ്നമോ ചേർക്കാതെയും സോഫ്റ്റ്‌വെയർ പ്രവർത്തിക്കുന്നതാണ്. അതിനാൽ ഇവ ചേർക്കണമെന്ന് നിർബന്ധമില്ല.**

5. **കൺട്രോൾ യൂണിറ്റ് , ബാലറ്റ് യൂണിറ്റ് എന്നിവ സജ്ജീകരിക്കുന്ന വിധം**

   ക്ലാസ്സുകളും സ്ഥാനാർത്ഥികളേയും ചേർത്തുകഴിഞ്ഞാൽ Generate QRcode എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. ഒരു QRCode ജനറേറ്റ് ചെയ്ത് വരും. മൊബൈൽ ഫോണിൽ ഇൻസ്റ്റാൾ ചെയ്തിട്ടുള്ള വോട്ടിങ് ആപ്പ് തുറന്ന് Scan ബട്ടൺ അമർത്തി QRCode സ്കാൻ ചെയ്യുക.




സ്കാൻ ചെയ്ത് കഴിഞ്ഞാൽ മൊബൈൽ ഫോണിൽ “waiting for ballot"എന്ന മെസ്സേജ് വരും. ഇത്രയും ആയിക്കഴിഞ്ഞാൽ കൺട്രോൾ യൂണിറ്റ് , ബാലറ്റ് യൂണിറ്റ് എന്നിവ റെഡിയായി.

6. **തെരെഞ്ഞെടുപ്പ് നടത്തുന്ന വിധം**

കൺട്രോൾ യൂണിറ്റിൽ (ലാപ്ടോപ്പ്) “Start Poll” എന്ന ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ താഴെക്കാണുന്ന ജാലകം ലഭിക്കുന്നു. ഇതിൽ ബാലറ്റ് ഇഷ്യൂ ചെയ്യേണ്ട ക്ലാസ്സ് സെലക്ട് ചെയ്തശേഷം BALLOT എന്ന ബട്ടൺ പ്രസ് ചെയ്യുക.



അപ്പോൾ , വോട്ടിംഗ് കമ്പാർട്ട്മെന്റിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ഫോണിൽ സെലക്ട് ചെയ്ത ക്ലാസ്സിലെ സ്ഥാനാർത്ഥികൾ ലിസ്റ്റ് ചെയ്ത് വരുന്നു.




- ക്യൂവിലുള്ള ആദ്യത്തെ കുട്ടിയെ, അവർക്കിഷ്ടമുള്ള സ്ഥാനാർത്ഥിയുടെ പേരിൽ അമർത്തി വോട്ടുചെയ്യാൻ അനുവദിക്കുക. വോട്ട് ചെയ്തുകഴിഞ്ഞാൽ ഒരു ബീപ് ശബ്ദം കേൾക്കാം. തുടർന്ന് ബാലറ്റ് യൂണിറ്റ് Lock ആവുകയും താഴെക്കാണുന്ന ജാലകം ഫോണിൽ പ്രത്യക്ഷപ്പെടുകയും ചെയ്യും. പ്രിസൈഡിംഗ് ഓഫീസർ കൺട്രോൾ യൂണിറ്റിൽ വീണ്ടും ബാലറ്റ് ഇഷ്യൂ ചെയ്തെങ്കിൽ മാത്രമേ അടുത്ത കുട്ടിയ്ക്ക് വോട്ട് ചെയ്യാൻ കഴിയൂ.




- ഇങ്ങനെ എല്ലാ കുട്ടികളേയും വോട്ട് ചെയ്യാൻ അനുവദിക്കുക. വോട്ടിംഗ് കഴിഞ്ഞാൽ Close Poll ബട്ടൺ അമർത്തുക.
- ഇടയ്ക്ക് നിർത്തിവെച്ചശേഷം വീണ്ടും പോളിംഗ് ആരംഭിക്കുന്നതിനുവേണ്ടി Voting machine തുറക്കുമ്പോൾ താഴെക്കാണുന്ന മെസ്സേജ് വരും. ഇതു വരെ ചെയ്ത വോട്ടുകളെല്ലാം delete ആകാതെ പോളിംഗ് തുടരണമെങ്കിൽ No, continue previous poll ആണ് ക്ലിക്ക് ചെയ്യേണ്ടത്.



**പ്രത്യേകം ശ്രദ്ധിക്കുക :**

**Yes, Delete all polled votes ക്ലിക്ക് ചെയ്താൽ ഇതുവരെ ചെയ്ത മുഴുവൻ വോട്ടുകളും നഷ്ടപ്പെടും. യഥാർത്ഥ വോട്ടിംഗിനുമുമ്പായി 'മോക്ക് പോൾ' നടത്തിയിട്ടുണ്ടെങ്കിൽ, അത്തരം വോട്ടുകൾ delete ചെയ്യുന്നതിനായി ഈ ബട്ടൺ ഉപയോഗിക്കുന്നു.**

7. **വോട്ട് എണ്ണുന്ന വിധം**

Close Poll ബട്ടൺ അമർത്തുന്നതോടുകൂടി താഴെക്കാണുന്ന റിസൽട്ട് സ്ക്രീനിൽ എത്തുന്നു.




- റിസൾട്ട് സ്ക്രീനിൽ ക്ലാസ് സെലക്ട് ചെയ്ത് Get Result എന്ന ബട്ടൺ അമർത്തിയാൽ കൗണ്ടിംഗ് ആരംഭിക്കും.
- കൗണ്ടിംഗ് പൂർത്തിയായ ശേഷം താഴെയുള്ള Save ബട്ടൺ ക്ലിക്ക് ചെയ്താൽ റിസൾട്ട് ഫയൽ <classname>.html ആയി ഡെസ്ക്ടോപ്പിൽ സേവ് ചെയ്യുന്നു.

